കൊല്ലം-കോവളം സംസ്ഥാന ജലപാത

179 (868) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോവളം സംസ്ഥാന ജലപാത നിർമ്മാണം സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ജലപാതയുടെ നിർമ്മാണത്തിനാവശ്യമായ തുക എത്രയെന്നും അനുവദിച്ച തുക എത്രയെന്നുമറിയിക്കുമോ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്നറിയിക്കുമോ;

(ഡി) സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം കല്ലുപാലം പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും എന്നറിയിക്കുമോ;

(ഇ) പ്രസ്തുത പാലം നിർമ്മാണത്തിന് വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം-കോവളം ജലപാത സഞ്ചാര യോഗ്യമാക്കാൻ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി അഞ്ചുതെങ്ങ് മുതൽ നടയറ കായൽ വരെ (42.46 കി.മീ. മുതൽ 55.17 കി.മീ. വരെ) വിവിധ റീച്ചുകളിലെ കനാൽ വികസനത്തിനായി 31.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. താഴെവെട്ടൂർ മുതൽ രാമന്തളി വരെ ചെ. 46 കി.മീ. മുതൽ 49 കി.മീ വരെ ഒരു പ്രവൃത്തിക്ക് (ചെറിയ തുരങ്കത്തിന്റെ പുനരുദ്ധാരണം ഉൾപ്പെടെ) 16 കോടിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ തുടർച്ചയായ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട വേളി-ആക്കുളം കായലിന്റെ 29.998 കോടി രൂപയുടെ ആഴം കൂട്ടലും സംരക്ഷണ പ്രവൃത്തികളും റ്റി.സി.എൽ. മുഖേന പുരോഗമിച്ചുവരുന്നു. ഐ.എസ്.ആർ.ഒ. പാലം മുതൽ കഠിനംകുളം കായൽ വരെയുള്ള 581.414

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷത്തിന്റെ 3 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കഠിനംകുളം മുതൽ അഞ്ചു തെങ്ങ് കായൽ വരെയുള്ള 343.224 ലക്ഷത്തിന്റെ 2 പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. ടി.എസ്. കനാലിന്റെ നടയറ കായൽ മുതൽ കൊല്ലം വരെയുള്ള റീച്ചിൽ (കൊല്ലം തോട്) 10.05 കോടി രൂപയുടെ ഒരു പ്രവൃത്തി പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ ചാക്ക മുതൽ വാഴവിള വരെയുള്ള പാർവ്വതി പുത്തനാറിന്റെ ക്ലീനിംഗിനുള്ള 95 ലക്ഷത്തിന്റെ പ്രവൃത്തി ഏകദേശം പൂർത്തിയായി. പീരിയോഡിക്കൽ ക്ലീനിംഗ് പ്രവൃത്തി മാത്രമേ പൂർത്തീകരിക്കാനുള്ളൂ. പാർവ്വതി പുത്തനാറിലെ കുന്നുമണൽ ഭാഗത്ത് ചെ. 4140 മീ. മുതൽ 4440 മീ. വരെയുള്ള ഡിസിൽട്ടിങ്ങിന്റെ 50.87 ലക്ഷം രൂപയുടെ പണി പൂർത്തീകരിച്ചു വേളി-പൗണ്ട്കടവ് ഭാഗത്തെ ഉൾനാടൻ ജലപാത വികസനത്തിനായി 570 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. 326 ലക്ഷത്തിന്റെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പാർവ്വതി പുത്തനാറിന് കുറുകെ മൂന്നാറ്റുമുക്കിൽ വെന്റഡ് ക്രോസ്ബാർ നിർമ്മിക്കുന്നതിനുള്ള 34 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തി ടെണ്ടർ അംഗീകരിച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. ടി.എസ്. കനാലിന് കുറുകെ തെക്കേ അറയ്ക്കുത്ത് (ചെ. 35.97 കി.മീ.) ഭാഗത്തെ കോൺക്രീറ്റ് റോഡ് ബ്രിഡ്ജിന് 600 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. പള്ളിത്തുറ പാലം മുതൽ കഠിനംകുളം കായൽ വരെ 21.05 മുതൽ 27.45 കി.മീ. (ബാക്കി പ്രവൃത്തി) 640 ലക്ഷം രൂപയുടെയും, കഠിനംകുളം കായൽ മുതൽ അഞ്ചുതെങ്ങ് കായൽ വരെ (കഠിനംകുളം കായൽ 33.47 മുതൽ 33.630 കി.മീ.) 300 ലക്ഷം രൂപയുടെയും, അഞ്ചുതെങ്ങ് കായൽ മുതൽ നടയറ കായൽവരെ 42.46 മുതൽ 55.17 കി.മീ. വരെ (അഞ്ചുതെങ്ങ് കായൽ മുതൽ താഴെവെട്ടൂർ വരെ ബാക്കി ഭാഗം (43.78 മുതൽ 46 വരെ) 10.30 കോടി രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ടി.എസ്. കനാലിന് കുറുകെ ചെ. 35.23 കടകം ഭാഗത്തെ ഒരു കോൺക്രീറ്റ് റോഡ് ബ്രിഡ്ജിന് 6 കോടി രൂപയുടെയും ടി.എസ്. കനാലിന് കുറുകെ ചെ. 36.56 വടക്കേ അരയത്തുരുത്ത് ഒരു കോൺക്രീറ്റ് റോഡ് ബ്രിഡ്ജിന് 7.6 കോടി രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ഭരണാനുമതി നൽകിയ പ്രവൃത്തികൾക്കും ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾക്കുമായി ഏകദേശം 124.35 കോടി രൂപ ആവശ്യമാണ്. ഇതിനകം റ്റി.എസ്. കനാലിന്റെ കൊല്ലം മുതൽ ആക്കുളം വരെ വിവിധ പ്രവൃത്തികൾക്കായി 44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ നവീകരണത്തിനായി നാറ്റ്പാക്ക് ഒരു ഇൻവെസ്റ്റിഗേഷൻ സ്റ്റഡി നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമായാൽ മാത്രമെ ആക്കുളം മുതൽ കോവളം വരെയുള്ള പ്രവൃത്തിക്ക് ആവശ്യമായ തുക അറിയുവാൻ കഴിയൂ.

(സി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതാണ്. മറ്റ് പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കാവുന്നതാണ്.

(ഡി & ഇ) കൊല്ലം കല്ലുപാലം പുനർ നിർമ്മാണത്തിനുള്ള പ്രവൃത്തിക്ക് 5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി. പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷനായി 4.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആയത് ടെണ്ടർ ചെയ്ത് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാകുന്നതിനനുസരിച്ച് ഡിസൈൻ അപ്രൂവൽ ലഭിച്ചശേഷം സാങ്കേതികാനുമതി ലഭ്യമാക്കി കല്ലുപാലത്തിന്റെ പണി ടെണ്ടർ നടത്തുന്നതും പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

മേജർ-മൈനർ ഇറിഗേഷൻ

180 (869) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ വകുപ്പ് കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly